14

# മൂന്നാമത്തെ വംശം

## (2:11-18)

ആസ്ട്രേലിയയിലെ ഒരു സ്ക്കൂൾ ബസ് ഓടിച്ചിരുന്ന ജോൺ റീഡിന്റെ ഒരു കഥ, കെന്റ് ഹൂഗ്സ് പറയുകയുണ്ടായി. ബസ്സിൽ വെള്ളക്കാരും ആദി വാസികളും ഉണ്ടായിരുന്നു. ആൺകുട്ടികൾ നിരന്തരമായി വഴക്കിടുകയും പോരാടുകയും ചെയ്തുകൊണ്ടിരുന്നു. അവസാനം, ജോൺ ഈ കോലാ ഹലം കേട്ടു കുട്ടികൾക്കിടയിൽ പോകേണ്ടിവന്നു. അയാൾ ബസ് റോഡ് സൈഡിൽ നിർത്തുകയും വെള്ളക്കാരായ കുട്ടികളോട്, "നിങ്ങളുടെ നിറം എന്താണ്?" എന്നു ചോദിച്ചു.

"വെളുപ്പ്" എന്നു മറുപടി പറഞ്ഞു.

ജോൺ പറഞ്ഞു, "അല്ല, നിങ്ങൾ പച്ച നിറമാണ്. ഈ വണ്ടിയിൽ യാത്ര ചെയ്യുന്ന കുട്ടികളെല്ലാം പച്ച നിറമുള്ളവരാണ്. ഇനി പറയൂ, നിങ്ങളുടെ നിറം എന്താണ്?"

വെള്ളക്കാരായ കുട്ടികൾ പറഞ്ഞു, "പച്ച."

പിന്നെ ജോൺ ആദിവാസികളായ കുട്ടികളോടു ചോദിച്ചു, "നിങ്ങളുടെ നിറം എന്താണ്?"

"കറുപ്പ്," അവർ ഉത്തരം പറഞ്ഞു.

"അല്ല, നിങ്ങളുടെ നിറം പച്ചയാണ്. ഈ ബസിൽ യാത്ര ചെയ്യുന്ന കുട്ടി കൾ എല്ലാം പച്ച നിറമുള്ളവരാണ്. ഇനി പറയൂ, നിങ്ങളുടെ നിറം എന്താണ്?"

ആദിവാസി കുട്ടികൾ പറഞ്ഞു, "പച്ച."

കോലാഹലവും കലഹവും അവസാനിച്ചതായി തോന്നി - അത് അല്പ സമയത്തേക്കു മാത്രമായിരുന്നു. കുറെ മൈലുകൾ യാത്ര ചെയ്തു കഴി ഞ്ഞപ്പോൾ, ഒരു കുട്ടി മറ്റു കുട്ടികളോടു പറഞ്ഞു, "ശരി, വണ്ടിയുടെ ഈ വശത്തുള്ളവർ ഇളം പച്ചയും, മറുവശത്തുള്ളവർ കടും പച്ചയുമാണ്." അതിനെ തുടർന്നു വീണ്ടും അപശബ്ദങ്ങൾ ഉണ്ടായി.

ജോണിന്റെ പരിഹാരം നീണ്ടു നിന്നില്ലെങ്കിലും, ആ ഡ്രൈവർക്കു എന്താ ണാവശ്യമെന്ന് അറിയാമായിരുന്നു. ആ ബസിലെ സാഹചര്യം നിറവ്യത്യാസം ഇല്ലാത്ത, ഒരു വംശത്തെ ആവശ്യപ്പെടുന്നു - കറുത്തവരെന്നോ വെളുത്ത വരെന്നോയില്ല, വെറും പച്ച മാത്രം.[1] ആളുകൾ യോജിച്ചു ജീവിക്കുവാൻ, അവർക്കിടയിൽ വ്യത്യാസം കാണരുത്.

ഒരു പുതിയ വംശത്തെ സൃഷ്ടിക്കുന്നതിനെ കുറിച്ചാണ് പൗലൊസ് എഫെസ്യർക്കു ലേഖനം എഴുതുമ്പോൾ പറയുന്നത്. ലോകത്തിൽ ഒരു പുതിയ വംശത്തെ സൃഷ്ടിക്കുന്നതിനാണ് യേശു വന്നത് എന്ന് അതു പ്രഖ്യാ പിക്കുന്നു.

എഫെസ്യർക്കു പൗലൊസ് ലേഖനം എഴുതി വർഷങ്ങൾക്കുശേഷം, അലെക്സാണ്ട്രിയയിലെ ക്ലെമന്റായ, രണ്ടാം നൂറ്റാണ്ടിലെ ഒരു ക്രിസ്ത്യാനി,

അയാളുടെ ഒരു പുസ്തകത്തിൽ ഈ പുതിയ വംശത്തെ കുറിച്ചു പരാമർശിച്ചിട്ടുണ്ട്: "പുതിയ വഴിയിൽ ദൈവത്തെ ആരാധിക്കുന്ന, മൂന്നാമത്തെ വംശമായ നാം, ക്രിസ്ത്യാനികളാണ്."[2]

ക്രിസ്ത്യാനികൾ മൂന്നാമത്തെ വംശം ആണ്. ദൈവത്തിന്റെ പുതിയ സമുദായമാണ്, ദൈവത്തിന്റെ പുതിയ സമൂഹമാണ് നാം.

> ആകയാൽ, നിങ്ങൾ മുമ്പെ, പ്രകൃതിയാൽ ജാതികളായിരുന്നു, ജഡത്തിൽ കയ്യാലുള്ള പരിച്ഛേദന ഏറ്റു "പരിച്ഛേദനക്കാർ," എന്നു പേരുള്ളവരാൽ "അഗ്രചർമ്മക്കാർ" എന്നു വിളിക്കപ്പെട്ടിരുന്നു - അക്കാലത്തു നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും, യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും, വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും, പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു എന്നു ഓർത്തുകൊൾവിൻ. മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു. അവൻ നമ്മുടെ സമാധാനം, അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ, ന്യായപ്രമാണം എന്ന ശത്രുത്വം, തന്റെ ജഡത്താൽ നീക്കി, വേർപ്പാടിന്റെ നടുച്ചുവർ, ഇടിച്ചു കളഞ്ഞത്, സമാധാനം ഉണ്ടാക്കിക്കൊണ്ടു, ഇരുപക്ഷത്തെയും ഏകശരീരത്തിൽ, ദൈവത്തോടു നിരപ്പിപ്പാനും തന്നേ. അവൻ വന്നു ദൂരത്തായിരുന്ന നിങ്ങൾക്കു, സമാധാനവും സമീപത്തുള്ളവർക്കു സമാധാനവും സുവിശേഷിച്ചു; അവൻ മുഖാന്തരം നമുക്ക് ഇരുപക്ഷക്കാർക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്കു പ്രവേശനം ഉണ്ട് (2:11-18).

ആ വേദഭാഗത്തിന്റെ അടിസ്ഥാന ഉറപ്പിക്കൽ ഒരൊറ്റ പ്രസ്താവനയിൽ മനസ്സിലാക്കുവാൻ കഴിയുന്നു എങ്കിൽ, അത് ഇതാകാം: *ക്രിസ്ത്യാനികൾ ഒരു പുതിയ വംശമായ ആളുകളെ പ്രതിനിധാനം ചെയ്യുന്നു എന്നു മനസ്സിലാക്കുവാനാണ് യേശു ആഗ്രഹിക്കുന്നത്.*

## നമ്മുടെ ഭൂതകാലത്തെ ഓർമ്മിച്ചുകൊണ്ട്<br>പുതിയ വംശത്തെ അഭിനന്ദിക്കുന്നതിൽ<br>നാം വളർച്ചയുള്ളവരാകുന്നു

ഈ പുതിയ വംശത്തെ കുറിച്ചു പറയുമ്പോൾ നാം എല്ലാവരും എന്തുകൊണ്ട് ആവേശഭരിതരാകുന്നു? അതിനുള്ള ഉത്തരം 11-ഉം 12-ഉം വാക്യങ്ങളിൽ കാണുന്നു. നമ്മുടെ പഴയ ജീവിതത്തെ ഓർത്താൽ പുതിയ വംശത്തെ നാം കൂടുതൽ അഭിനന്ദിക്കും. ആ ജീവിതത്തെ ഒരു വാക്ക് വിവരിക്കുന്നു - അന്യഥാത്വം. ആളുകളിൽ നിന്നും ദൈവത്തിൽ നിന്നും അകന്ന ജീവിതം ആയിരുന്നു പഴയ ജീവിതം.

എല്ലാവർക്കും - ഉള്ള - ഒന്നല്ല ഈ ലോകം അതുപോലെ ലോകം എല്ലാം - ഒരാൾക്കുള്ള - ഒന്നും അല്ല, അല്ലേ? ലോകത്തിലുള്ള ആളുകൾ പരസ്പരം യോജിക്കുന്നില്ല. ദേശങ്ങൾ തമ്മിൽ പോരാട്ടങ്ങളുണ്ട്. നമ്മുടെ വലിയ പട്ടണങ്ങളിൽ, ഓരോ കൂട്ടങ്ങൾ അവരുടെ അതിർത്തികൾ അടയാളപ്പെടുത്തി അവയിലേക്ക് അതിക്രമിച്ചു കടക്കുന്നവരെ കൊന്നുകളയുന്നു. നമ്മുടെ വീടുകളിൽ, ഉൾപ്പോരുകൾ നടക്കുന്നുണ്ട്. അതു തെളിയിക്കുന്നതാണ് ഇന്നത്തെ വിവാഹചരിത്രങ്ങൾ. സഭയിൽ പോലും, വര വരച്ചു ചിലരെ

വേർതിരിച്ചു നിർത്തിയിരിക്കയാണ്. അന്യഥാത്വം നമ്മുടെ ലോകത്തിന്റെ ഒരു സ്വഭാവമാണ്.

ഈ പ്രശ്നത്തെ കുറിച്ചു പൗലൊസ് സംസാരിക്കയുണ്ടായി. ആളുകൾ യോജിച്ചു പോകാതിരിക്കുന്നതിനു ക്രിസ്ത്യാനിത്വമല്ല കാരണം. വാസ്തവ ത്തിൽ, ക്രിസ്ത്യാനിത്വം ഈ വിഷയത്തെ പരിഹരിക്കുന്നതായിട്ടാണ് പൗലൊസ് കണ്ടത്. പൗലൊസിന്റെ കാലത്തു, രണ്ടുകൂട്ടം ജനങ്ങൾ അന്യോ ന്യം അടുക്കാതെ അകന്നു കഴിഞ്ഞിരുന്നു: യെഹൂദന്മാരും ജാതികളും. യെഹൂദന്മാർ ജാതികളെ "അഗ്രചർമ്മികൾ" എന്നു വിളിച്ചിരുന്നു. അവർ ആ പേരുകൊണ്ട് അർത്ഥമാക്കിയത് ഒരു വംശത്തെ മുഴുവൻ പരിഹ സിക്കുവാൻ ആയിരുന്നു. ഒരു മുഖ്യ ഗുരുവിനോട്, ദൈവം എന്തിനാണ് ഇത്രയധികം ജാതികളെ സൃഷ്ടിച്ചത് എന്നു ചോദിച്ചതിനു, മറുപടി പറ ഞ്ഞതു, "അതു ഗെഹന്നയിൽ [നരകം] കത്തുവാൻ വേണ്ടത്ര ഇന്ധനം ലഭി ക്കുവാനാണ്"[3] എന്നാണ്.

ഈ രണ്ടു ഗ്രൂപ്പുകാർ തമ്മിലുള്ള ശത്രുത വളരെ കഠിനമായിരുന്നതി നാൽ ഈ ലോകത്തിലേക്കു മറ്റൊരു ജാതിയെ കൊണ്ടു വരുവാൻ സഹാ യിക്കുന്ന, മറ്റൊരു ജാതിയുടെ ജനനത്തിന് ഒരു യഹൂദൻ സഹായിക്കു ന്നതു പോലും നിയമരഹിതമായിരുന്നു. ഒരു യെഹൂദൻ ജാതിയിൽ പെട്ട ഒരു സ്ത്രീയെ വിവാഹം കഴിച്ചാൽ, അതു യെഹൂദ കുടുംബത്തിൽ മരണം സംഭവിച്ചതുപോലെയാണ്, ആ യെഹൂദ കുടുംബം ഒരു ശവസംസ്ക്കാര ശുശ്രൂഷ നടത്തും. ഒരു യെഹൂദൻ പാലസ്തീനിൽ പ്രവേശിച്ചാൽ, അവൻ കാലിലെ പൊടി തട്ടിക്കളയും കാരണം ജാതികളുടെ പൊടി അവന്റെ കാലിൽ പുരണ്ടാൽ വിശുദ്ധ ദേശം അശുദ്ധമാകും. അത്തരത്തിൽ യെഹൂദന്മാർ ജാതി കളെ വെറുത്തിരുന്നു. ജാതികൾക്ക്, അതേ രീതിയിലുള്ള വികാരമാണു ണ്ടായിരുന്നത്; ജാതികൾ യെഹൂദന്മാരെ നിന്ദിച്ചിരുന്നു.

ജാതികളിൽ നിന്നു ക്രിസ്ത്യാനികൾ ആയി തീർന്നവർക്കു പൗലൊസ് ലേഖനം എഴുതി, തങ്ങൾ യെഹൂദന്മാരാൽ വെറുക്കപ്പെട്ടവരാണെന്നും, തങ്ങളും അവരെ നിന്ദിച്ചിട്ടുണ്ട് എന്നറിയാവുന്നവരുമായിരുന്നു അവർ. യെഹൂദന്മാരും ജാതികളും ഉൾപ്പെടുന്ന ഒരു പുതിയ വംശമായി തീരുക യാണിപ്പോൾ എന്നു ജാതികളിൽ നിന്നു ക്രിസ്ത്യാനികളായവരെ ബോധ്യ പ്പെടുത്തുവാനാണ് പൗലൊസ് തന്റെ ലേഖനത്താൽ ഉദ്ദേശിച്ചത്. ഈ പുതിയ വംശത്തിൽ, എല്ലാ വംശീയ വെറുപ്പും, അനിഷ്ടവും, തെറ്റായ പെരുമാറ്റ ങ്ങളും അവസാനിച്ചിരിക്കണം.

എഫെസ്യർ 2:11, 12-ലും മനുഷ്യർക്കും ദൈവത്തിനും ഇടയ്ക്കുള്ള അകൽച്ചയുടെ അവസാനത്തെ കുറിച്ചു പറയുന്നുണ്ട്. ദൈവത്തിൽ നിന്നുള്ള ജാതികളുടെ അന്യഥാത്വത്തെ കുറിച്ചു അഞ്ചു വിശദീകരണങ്ങൾ വാക്യം 12 നൽകുന്നു.

1. *"നിങ്ങൾ ... ക്രിസ്തുവിനെ കൂടാതെയുള്ളവരായിരുന്നു."* യേശു ക്രിസ്തുവിൽ എല്ലാ ചരിത്രവും ഉദ്ദേശവും അർത്ഥവും കണ്ടെത്തുന്നതായി ജാതികൾക്ക് അറിയില്ലായിരുന്നു.

2. *"നിങ്ങൾ യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും ... ആയി രുന്നു."* അബ്രഹാമിന്റെ സന്തതികൾക്കു ജനനത്താൽ സ്വാഭാവികമായി കിട്ടുന്ന പൗരത്വം ജാതികൾക്കു കിട്ടിയിരുന്നില്ല.

3. *"നിങ്ങൾ ... വാഗ്ദത്തത്തിന്റെ നിയമങ്ങൾക്ക് അന്യരും ആയിരുന്നു."*

അവർ പുറത്തുനിന്നു അകത്തുപ്രവേശിക്കുവാൻ നോക്കിയിരുന്നു.

4. *"നിങ്ങൾ ... പ്രത്യാശ [ഇല്ലാത്തവർ] ആയിരുന്നു."* അവർ ക്രിസ്തുവിൽ ആകാതിരുന്നതുകൊണ്ട് അവർക്കു പ്രത്യാശയില്ലായിരുന്നു.

5. *"നിങ്ങൾ ... ദൈവം ഇല്ലാത്തവരായിരുന്നു."* അവർ ദൈവത്തെ അറിഞ്ഞില്ല. അവർക്കു വാസ്തവത്തിൽ അവനുമായി ബന്ധം ഇല്ലായിരുന്നു.

റഷ്യയിലേക്കുള്ള യാത്രയ്ക്കിടയിൽ ഗ്ലെൻ ഓവെനു ഹൃദയ സ്പർശിയായ ഒരനുഭവം ഉണ്ടായി. കിയേവ് എന്ന സ്ഥലത്തു അദ്ദേഹം ഒരു സ്ത്രീയെ കണ്ടുമുട്ടിയതിനെ കുറിച്ചു പറഞ്ഞു. കയ്യിൽ ബൈബിൾ പിടിച്ചുകൊണ്ട് അവൾ ഗ്ലെന്നിനോടു പറഞ്ഞു, "ലോകത്തിന്റെ പ്രത്യാശ ഞാൻ എന്റെ കയ്യിൽ പിടിച്ചിരിക്കയാണ്." അവൾ പറഞ്ഞതിനോടു അദ്ദേഹത്തിനുണ്ടായ പ്രതികരണം ഇപ്രകാരമായിരുന്നു:

> ... അടഞ്ഞ കണ്ഠത്തോടെ ഞാൻ അവളെ നോക്കി ... അവളുടെ ശബ്ദത്തിലും, കണ്ണുകളിലും, ഹൃദയത്തിലും ഒരു ദുഃഖഭാവം ഉണ്ടായിരുന്നു. ആ സുന്ദരിയായ സ്ത്രീയിൽ പ്രത്യാശയുടെ ഒരാത്മാവുണ്ടായിരുന്നു. ദൈവത്തോടു മനസു തുറന്നിരിക്കുന്നവർക്കുള്ള ജ്വലിക്കുന്ന ഒരു പ്രത്യാശാകിരണം എല്ലായ്പ്പോഴും അവളുടെ ഹൃദയത്തിൽ ഉണ്ടായിരുന്നു. പ്രത്യാശക്കുള്ള കാരണം, അവളിലുണ്ടെന്നു, ബൈബിൾ താലോലിച്ചിരുന്ന അവൾക്കറിയാമായിരുന്നു. ...
>
> അവളുടെ വേദന നിറഞ്ഞ കഥ നമ്മോടു പങ്കുവെക്കുമ്പോൾ അവളുടെ കണ്ണുനീരോടുകൂടെ നമ്മുടെ കണ്ണുനീർ ചേരുന്നു. അവളുടെ ഏക മകൻ പതിനെട്ടു മാസങ്ങൾക്കുമുൻപു ചെമ്പോയിൽ ന്യൂക്ലിയർ അപകടത്തിൽപെട്ടു മരിച്ചുപോയി. ശരിയായ ചികിത്സ കിട്ടാതെ അവളുടെ ഭർത്താവു മൂന്നുമാസം മുൻപാണ് മരിച്ചത്. ഇപ്പോൾ അവൾ ആശ്വാസത്തിനും പ്രത്യാശക്കുമായി നോക്കിയിരിക്കയാണ്.
>
> ... ഈ സൗമ്യയും ശാന്തയുമായ അറിയപ്പെടാത്ത സ്ത്രീ ദൈവപുത്രനായ, യേശുക്രിസ്തുവിൽ മാത്രമാണ് പ്രത്യാശ എന്നു തിരിച്ചറിഞ്ഞു. അവളുടെ ഗവൺമെന്റ് അവളെ കയ്യൊഴിഞ്ഞു. ഒരർത്ഥത്തിൽ അവളുടെ ജീവിതവും അവളെ പരാജയപ്പെടുത്തി. അവളെ ഏറ്റവും അധികം സ്നേഹിച്ചിരുന്നവരെല്ലാം പൊയ്ക്കളഞ്ഞു. അവൾ തനിയെയായി, അവൾക്ക് ആശ്രയത്തിനായി മനുഷ്യരാരും ഇല്ല. യേശുക്രിസ്തു എന്ന, ഏക പ്രത്യാശയല്ലാതെ, അവൾക്കു മറ്റൊന്നുമില്ല. നമ്മിൽ ആർക്കായാലും അവൻ മാത്രമാണ് ഏക പ്രത്യാശ.[4]

യേശു വരുന്നതിനു മുൻപു നാം പ്രത്യാശ ഇല്ലാത്തവരായിരുന്നു, എന്നാൽ യേശു നമ്മുടെ ജീവിതത്തെ മാറ്റി മറിച്ചു. തന്നിലേക്കു തിരിയുന്ന ഏതൊരാൾക്കും അവൻ ഈ പ്രത്യാശ നല്കും. നിങ്ങൾ ഇങ്ങനെ അതിശയിക്കുമ്പോൾ, "എന്തിനു കൊള്ളാം?" - ജീവിതം എങ്ങും എത്തുന്നില്ല എന്നു തോന്നുമ്പോൾ - യേശു വരികയും എല്ലാം മാറ്റുകയും ചെയ്യുന്നു.

വാക്യം 13-ൽ ഇതെങ്ങനെ പൗലൊസ് ഉറപ്പിക്കുന്നു എന്നു നോക്കുക: "മുമ്പെ ദൂരസ്ഥരായിരുന്ന നിങ്ങൾ ഇപ്പോൾ ക്രിസ്തുയേശുവിൽ ക്രിസ്തുവിന്റെ രക്തത്താൽ സമീപസ്ഥരായി തീർന്നു." ഈ വേദഭാഗം പറയുന്നതു എന്തെന്നു ശ്രദ്ധിക്കുക, "ക്രിസ്തുയേശുവിൽ" ആകുമ്പോൾ എല്ലാം മാറു

ന്നു. പുതിയ വംശത്തെയാണ് "ക്രിസ്തുയേശുവിൽ" എന്നതു വിവരിക്കുന്നത്. അത് "ക്രിസ്തുവിന്റെ രക്തത്താൽ" നിലവിൽ വന്ന ജനസമൂഹം ആണ് അത്.

യേശു നമ്മുടെ ജീവിതത്തിൽ മാറ്റം വരുത്തിയില്ലായിരുന്നു എങ്കിൽ നമ്മുടെ ജീവിതം എങ്ങനെയാകുമായിരുന്നു എന്നോർക്കുമ്പോൾ, നമുക്കു പ്രത്യാശ നല്കേണ്ടതിനു യേശു യാഗമായി തീർന്നതുകൊണ്ട് നാം ദൈവത്തിനു നന്ദിയും പുകഴ്ച്ചയും അർപ്പിക്കേണ്ടതാണ്. നമ്മുടെ ഭൂതകാല ജീവിതം ഓർത്തുകൊണ്ട് പുതിയ വംശത്തിനു നാം അഭിനന്ദനം നല്കുന്നതിൽ വളർച്ചയുള്ളവരാകണം.

## പുതിയ വംശത്തിലെ നമ്മുടെ പങ്കാളിത്വത്തിനു നാം കർത്താവിനോടു കടപ്പെട്ടിരിക്കുന്നു

പുതിയ വംശത്തിലെ നമ്മുടെ പങ്കാളിത്വത്തിനു നാം യേശുവിനോടു തികച്ചും, പൂർണ്ണമായും, മുഴുവനായും കടപ്പെട്ടിരിക്കുന്നു. പുതിയ വംശം സാധ്യമാക്കി തീർത്തതു യേശു മാത്രമാണ്. യേശു എങ്ങനെ ഇതു ചെയ്തു? 15-ഉം 16-ഉം വാക്യങ്ങളിലെ ക്രിയകൾ പരിശോധിക്കുക.

ആരംഭമായി, "ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം, തന്റെ ജഡത്താൽ *നീക്കി*." യെഹൂദ മതത്തെ യേശു നീക്കി.

ക്രിസ്ത്യാനിത്വം മാത്രമാണ് ദൈവത്തിലേക്കുള്ള ഏകവഴി എന്നു യേശു വ്യക്തമാക്കി. അവൻ പറഞ്ഞു, "ഞാൻ തന്നേ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരം അല്ലാതെ, ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14:6). പത്രൊസ് പറഞ്ഞു, "മറ്റൊരുത്തനിലും രക്ഷയില്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട, വേറൊരു നാമവും ഇല്ല" (പ്രവൃത്തികൾ 4:12).

മതത്തിന്റെ പേരിൽ മറ്റുള്ളവരെ വേർതിരിപ്പിച്ചു അന്യഥാത്വം സ്ഥിരമായി നിലനിർത്തുവാനല്ല യേശു മരിച്ചത്. മതപരമായ ഭിന്നത അവസാനിപ്പിക്കുന്നതിനാണ് യേശു മരിച്ചത്.

പിന്നെ എന്തെല്ലാമാണ് യേശു ചെയ്തതു എന്നു നോക്കുക. വാക്യം 15-ന്റെ അവസാനത്തിൽ പറയുന്നു, "സമാധാനം ഉണ്ടാക്കിക്കൊണ്ട് ഇരുപക്ഷത്തെയും, തന്നിൽ ഒരേ പുതുമനുഷ്യ*നാക്കി* സൃഷ്ടിപ്പാനും അത്രേ." അവൻ ഒന്നു നീക്കുക മാത്രമല്ല ചെയ്തത്, പിന്നെയോ മറ്റൊന്നു സൃഷ്ടിക്കയും ചെയ്തു. എന്താണ് യേശു സൃഷ്ടിക്കുവാൻ ഉദ്ദേശിച്ചത്? *തന്നിൽ ഒരു പുതിയ മനുഷ്യനെ* സൃഷ്ടിക്കുവാൻ ആണ് അവൻ ഉദ്ദേശിച്ചത്. "പുതു" എന്ന വാക്ക് പ്രാധാന്യമുള്ളതാണ്. രണ്ടു ഗ്രീക്കു വാക്കുകൾ "പുതു" എന്നു തർജ്ജിമ ചെയ്തിട്ടുണ്ട്. *നിയോസ്* എന്നതിന്റെ അർത്ഥം കാലത്തിൽ "പുതിയതു" എന്നാണ്. അടുത്ത സമയത്തു ഉണ്ടാകുന്ന എന്തെങ്കിലും ഒന്നിനെ പുതിയത് ആയി സൂചിപ്പിക്കുന്നു. രണ്ടാമത്തെ ഗ്രീക്ക് വാക്ക്, *കായിനോസ്*, എന്നതിന്റെ അർത്ഥം യോഗ്യതയിൽ "പുതിയത്" എന്നാണ്. പൂർണ്ണമായ വ്യത്യാസം തോന്നിക്കുന്ന അർത്ഥത്തിൽ എന്തെങ്കിലും ഒന്നിന് മാറ്റം ഉണ്ടാവുകയോ ഗുണം മെച്ചപ്പെടുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് പുതിയതാണ്.[5]

വാക്യം 15-ൽ പൗലൊസ് "പുതിയത്" എന്നതിനുള്ള രണ്ടാമത്തെ വാക്കാണ് ഉപയോഗിച്ചിട്ടുള്ളത്. യേശു വന്നതു ഒരു "പുതിയ മനുഷ്യനെ" സൃഷ്ടിക്കുന്നതിനാണ് എന്നു ക്രിസ്ത്യാനികൾ തിരിച്ചറിയുവാൻ അവൻ

ആഗ്രഹിക്കുന്നു – മനുഷ്യർക്കു അന്നുവരെ അറിഞ്ഞിട്ടില്ലാത്ത ഒരു ഗുണം – ഒരു പുതിയ വംശം.

ഒരു മൂന്നാമത്തെ പ്രവൃത്തി വാക്ക്, അഥവാ ക്രിയ, യേശുക്രിസ്തുവിനോടു ബന്ധപ്പെടുത്തി വാക്യം 16 നമുക്കു തരുന്നു. "പുതിയ മനുഷ്യനെ" സൃഷ്ടിക്കുന്നതിനെ കുറിച്ചുള്ള യേശുവിന്റെ മനസ്സിലുണ്ടായിരുന്ന ഉദ്ദേശത്തെ അതു വ്യക്തമാക്കുന്നു. "ശത്രുത്വം ഇല്ലാതാക്കി ക്രൂശു മുഖാന്തരം ഏക ശരീരത്തിൽ, ദൈവത്തോടു നിരപ്പിപ്പാൻ" ആയിരുന്നു അത് എന്നു പൗലൊസ് പറയുന്നു.

യേശു അതു ക്രൂശിൽ ചെയ്തു. അവൻ മൂന്നാമത്തെ വംശമായ – പുതിയ മനുഷ്യവർഗ്ഗത്തെ, ഏക ശരീരത്തെ – ദൈവത്തോട് നിരപ്പിച്ചു. അവൻ ദൈവത്തെയും മനുഷ്യരേയും ഒന്നിച്ചാക്കി. മനുഷ്യരെ മനുഷ്യരോടും യേശു കൂട്ടിച്ചേർത്തു.

ഒറ്റ – മുറിയുള്ള വീടു അവിവാഹിതരായ രണ്ടു സഹോദരിമാർ താമസത്തിനു പങ്കിട്ട ഒരു സംഭവത്തെ റോബെർട്ട് ലൂയിസ് സ്റ്റീവെൻസൺ പറയുകയുണ്ടായി. ക്രമേണ, ആ ചെറിയ താമസസ്ഥലം അവരെ ശത്രുക്കൾ ആകാൻ കാരണമാക്കി. ഒരു ദിവസം അവർ തമ്മിൽ മതപരമായ കാര്യത്തിൽ ചൂടേറിയ തർക്കം നടന്നു. അവരുടെ ദേഷ്യം വളർന്നു കഠിനമായി, വെറുക്കത്തക്ക പരാമർശങ്ങൾ രണ്ടുപേരും നടത്തിയതുകൊണ്ട്, അതിനു ശേഷം രണ്ടുപേരും സംസാരിക്കാതായി.

ദിവസങ്ങൾ വളർന്നു മാസങ്ങളായി. അവർ നിശബ്ദരായി ഒരു മുറിയിൽ തന്നെ കഴിഞ്ഞു. രണ്ടുപേർക്കും വേറൊരു മുറി വാടകക്കെടുക്കുവാനുള്ള പണം ഇല്ലാതിരുന്നതുകൊണ്ട്, ഒരിക്കലും പരസ്പരം സംസാരിക്കാതെ, ഒറ്റ മുറിയിൽ തന്നെ അവർ കഴിഞ്ഞു. അവർ ചോക്കുകൊണ്ട് ഒരു വര വരച്ചു താമസം വേർതിരിച്ചു. വർഷങ്ങളോളം പകവെച്ചുകൊണ്ട് ഒറ്റ വാക്കുപോലും സംസാരിക്കാതെ കഴിഞ്ഞു. രാത്രി തന്റെ ശത്രുവായി തീർന്ന ആളിന്റെ, ശ്വാസോച്ഛ്വാസം കേട്ടുകൊണ്ടാണ് ഓരോരുത്തരും ഉറങ്ങുന്നതു. അവരുടെ ശേഷിച്ചകാലം മുഴുവൻ ആ കുഴപ്പത്തിൽ തന്നെ കഴിഞ്ഞു.

അതു സാഹിത്യത്തിൽ മാത്രമല്ല സംഭവിക്കുന്നത്; വാസ്തവത്തിലുള്ള ജീവിതത്തിലും അതു സംഭവിക്കും. അതു ഇടവകകളിലും ഞാൻ കണ്ടിട്ടുണ്ട്. നാം ഒരുപക്ഷെ ചോക്കുകൊണ്ട് വേർതിരിച്ചിരുന്ന വര വരക്കുകയില്ലായിരിക്കാം, എന്നാൽ ആ വര നമ്മുടെ മനസ്സിൽ ഉണ്ട്. ക്രിസ്തുവിന്റെ നാമം ധരിച്ചവർ അന്യോന്യം ഒരു കാര്യവുമില്ല എന്ന മനോഭാവം വെച്ചു പുലർത്തുന്നു. മറ്റുള്ളവരേക്കാൾ ആത്മീയമായി തങ്ങൾ ഉയർന്നവർ എന്ന ഭാവം നിലനില്ക്കും.

ക്രിസ്തുവിന്റെ ശരീരത്തിൽ ഭിന്നതയോ വേർതിരിവോ അന്യഥാത്വമോ ഉണ്ടാകുമ്പോൾ അത് യേശു എന്തിനുവേണ്ടി മരിച്ചുവോ അതിനെല്ലാം എതിരായി തീരുന്നു എന്ന്, ദൈവവചനത്തിന്റെ ആധികാരികതയുടെ അടിസ്ഥാനത്തിൽ ഞാൻ നിങ്ങളോടു പറയുന്നു. യേശു വന്നതു നിരപ്പിക്കുവാനാണ് – പുതിയ, ഒരൊറ്റ, ഐക്യതയുള്ള മനുഷ്യരാക്കി സൃഷ്ടിക്കുവാനാണ്.

**ഉപസംഹാരം**

യേശുവിനു പുറത്തുള്ള മനുഷ്യർ കലക്കത്തിലാണ്. സായാഹ്ന വാർത്തയും, പ്രഭാതപത്രവും, വ്യക്തിപരമായ അനുഭവവും തെളിയിക്കു

ന്നത് വേർപിരിയൽ, അന്യഥാത്വം, വൈരം എന്നിവയെ കുറിച്ചാണ് ലോകം പ്രധാനമായും പറയുന്നത് എന്നാണ്. യേശുവിനെ കൂടാതെയുള്ള ലോകം "എല്ലാ - മനുഷ്യനും - തങ്ങൾക്കുവേണ്ടിയുള്ളവർ" എന്ന രീതിയിലുള്ള ലോകമാണ്.

അതിനുനേരെ വിപരീതമായി, സഭ സമാധാന സ്ഥാനമായിരിക്കണം. തന്റെ സഭ നുറുങ്ങപ്പെട്ട ബന്ധങ്ങളെ യോജിപ്പിക്കുന്നതും, സ്വീകരിക്കുന്നതും, നിരപ്പിക്കുന്നതും ആയ സ്ഥലം ആകണമെന്നും കൂടാതെ, ഒരു പുതിയ വംശമായി അറിയപ്പെടുവാനും ആണ് സഭയെ കുറിച്ചു ക്രിസ്തു ആഗ്രഹിക്കുന്നത്.

ഇതു കൈവരിക്കുവാൻ, ചില കാര്യങ്ങൾ നാം ഗൗരവമായി എടുക്കണം.

*യേശുവിനു ഈ പുതിയ വംശം എത്രമാത്രം പ്രാധാന്യമുള്ളതാണെന്നു മനസ്സിലാക്കി അഭിനന്ദിക്കുന്നതുവരെ നാം ക്രിസ്ത്യാനിത്വത്തെ മനസ്സിലാക്കുന്നില്ല.* ക്രിസ്ത്യാനിത്വം ജീവിച്ച സ്ഥലത്താണ് ക്രിസ്തുവിന്റെ ശരീരം.

*പ്രാദേശിക സഭയ്ക്കുള്ളിൽ അതിരുകൾ നിലനില്ക്കുന്ന വിധത്തിൽ നമുക്ക് ഒരു പ്രശ്നത്തെ പരിഹരിക്കുവാൻ കഴിയുന്നില്ലെങ്കിൽ നാം ക്രിസ്ത്യാനിത്വത്തെ മനസ്സിലാക്കുന്നില്ല.* ചോക്കുവരകൾ മായ്ക്കുന്ന സ്ഥാനം ആയിരിക്കണം പ്രാദേശിക സഭ. കർത്താവിന്റെ സഭയുടെ ഒരു ഇടവക ആളുകളെ സ്വീകരിക്കയും, ആലിംഗനം ചെയ്യുകയും, സ്നേഹിക്കുകയും ചെയ്യണം. സഭയിലായി തീരുന്ന ഏതൊരാളും പുറത്തു ഒരിക്കലും ലഭിക്കാത്ത അനുഭവമായിരിക്കണം അനുഭവിക്കേണ്ടത് - എല്ലാവർക്കും അവകാശപ്പെട്ടതും എല്ലാവർക്കും ഉള്ളതുമായ ഒരു സ്ഥാനം ഉണ്ടെന്നു വിശ്വസിക്കുന്ന ഒരു കൂട്ടം ജനമാണ്.

---

കുറിപ്പുകൾ

[1]കെന്റ് ഹൂഗ്സ്, *എഫെഷ്യൻസ്: ദ മിസ്ട്രി ഓഫ് ദ ബോഡി ഓഫ് ക്രൈസ്റ്റ്* (വീറ്റൺ, Ill.: ക്രോസ്‌വേ ബുക്സ്, 1990), 92–93. [2]ക്ലെമെന്റ് ഓഫ് അലെക്സാണ്ട്രിയ, ക്വോട്ടട് ഇൻ ഹൂഗ്സ്, 93. [3]ബോബ് ഹെൻഡ്രൻ, *ചോസൻ ഫോർ റിച്ചസ്: ഏ ലൈഫ് - റിലേറ്റഡ് എക്സ്പൊസിഷൻ ഓഫ് എഫെഷ്യൻസ്* (ആസ്റ്റിൻ, ടെക്സ്.: ജേർണി ബുക്സ്, 1978), 49. [4]ഗ്ലെൻ ഓവെൻ, "അൺഡയ്യിങ്ങ് സ്പിരിറ്റ് ഓഫ് ഹോപ്," *അപ്റീച്ച് മാഗസിൻ* (ജാനുവരി - മാർച്ച് 1994), 3. [5]*കെയിനോസ്* "പറയുന്ന 'പുതിയ,' എന്നതു പരിചയമില്ലാത്ത അല്ലെങ്കിൽ ഉപയോഗിക്കാത്തതിനെ കുറിച്ചാണ്, കാലത്തിലുള്ള, അടുത്ത സമയത്തുള്ള 'പുതിയത്' എന്നല്ല, എന്നാൽ 'പുതിയത്' എന്നു പറയുന്നത് രൂപത്തിലും ഗുണത്തിലുമാണ്, പഴയതായി പറഞ്ഞിരിക്കുന്നതിൽ നിന്നുള്ള വ്യത്യസ്ത സ്വഭാവത്തെയാണ്." *നിയോസ്* "സമയവുമായുള്ള ബന്ധത്തിൽ 'പുതിയ' എന്നു സൂചിപ്പിക്കുന്നതു, അടുത്ത സമയത്തുള്ളതിനെയാണ്; അതു ചെറുപ്പം എന്നതിൽ ഉപയോഗിച്ചിരിക്കുന്നു, അതുകൊണ്ട് തർജ്ജിമ ചെയ്തിരിക്കുന്നത്, 'ചെറുപ്പം' എന്ന കമ്പാരറ്റിവ്ഡിഗ്രിയാണ്; അതിൻപ്രകാരം *നിയോസ്* എന്നതു പഴയ സ്വഭാവമോ ഗുണമോ ഉള്ള ഒന്നിനെ ഉണ്ടാക്കുന്നതാണ്. *നിയോസും കായിനോസും* ചിലപ്പോൾ ഒരേ വാക്കിനുവേണ്ടി ഉപയോഗിക്കാം, എന്നാൽ ഞാൻ മുൻപു പറഞ്ഞതുപോലെ, ഒരു വ്യത്യാസം ഉണ്ട്. അങ്ങനെ എഫെ. 2:15 ലെ 'പുതിയ മനുഷ്യൻ' (*കായിനോസ്*) സ്വഭാവത്തിൽ വ്യത്യാസമുള്ള 'പുതുമയാണ്'; ... എന്നാൽ കൊലൊസ്യർ 3:10 ലെ 'പുതിയ മനുഷ്യൻ' (*നിയോസ്*) ഊന്നൽ കൊടു

ത്തിരിക്കുന്ന ആശയം വിശ്വാസികളുടെ ‘പുതിയ’ അനുഭവത്തെയാണ്, അതു അടുത്ത സമയത്തു തുടങ്ങിയതും, ഇപ്പോഴുമുള്ളതുമാണ്.” ഡബ്ലിയു. ഈ. വൈൻ. മെറിൽ എഫ്. അങ്കർ, വില്ല്യം വൈറ്റ്, “പുതിയ,” *വൈൻസ് എക്സ്പോസിറ്ററി ഡിക്ഷ്ണറി ഓഫ് ബിബിളിക്കൽ വേഡ്സ്* (നാഷ്‌വില്ലെ, ടെന്ന.: തോമസ് നെൽസൺ പബ്ലിഷേഴ്സ് 1985), 430–31.